**<u>15 -ാം കേരള നിയമസഭ</u>**

**<u>9 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1705</u>** **<u>12-09-2023 - ൽ മറുപടിയ്ക്ക്</u>**

**<u>കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പാദനവും കയറ്റുമതിയും</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാളികേരം, പഴ വർഗ്ഗങ്ങൾ, റബ്ബർ, നെല്ല് എന്നീ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | "വിളവെടുപ്പാനന്തര പരിപാലനവും മൂല്യ വർദ്ധനവും" പദ്ധതിയിലുൾപ്പെടുത്തി നാളികേരം, പഴവർഗ്ഗങ്ങൾ, റബ്ബർ, നെല്ല് തുടങ്ങി വിവിധ വിളകളുടെ സംസ്കരണത്തിനും മൂല്യ വർദ്ധനവിനുമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും പൊതുമേഖല സ്ഥാപനങ്ങൾക്കും, മറ്റ് അർഹതയുള്ള സൊസൈറ്റികൾക്കും പദ്ധതി അധിഷ്ഠിതമായി ധനസഹായം നൽകുന്നതിന് നടപ്പ സാമ്പത്തിക വർഷം (2023-24) 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ FPO കൾ മുഖേനയുള്ള ചെറുതും വലുതുമായ കാർഷിക സംസ്കരണ സംരംഭങ്ങൾക്ക് യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുള്ള പിന്തുണയായി 375 ലക്ഷം രൂപയും പ്രസ്തുത പദ്ധതി പ്രകാരം നീക്കി വച്ചിട്ടുണ്ട്. SFAC മുഖേന സർക്കാർ/ പൊതുമേഖല/ സഹകരണ കുടുംബശ്രീ യൂണിറ്റ്/ FPO തലത്തിൽ വിപണനത്തിനും മൂല്യ വർദ്ധിത യൂണിറ്റുകൾക്കുള്ള സഹായമായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ SFAC മുഖേന സൂക്ഷ്മ ചെറുകിട ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകൾക്കുള്ള സഹായമായി 400 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. നാളികേരം, പഴവർഗ്ഗങ്ങൾ, റബ്ബർ, നെല്ല് തുടങ്ങിയ വിവിധ വിളകളുമായി ബന്ധപ്പെട്ട സംരംഭകരുടെ പ്രോത്സാഹനത്തിനായി പ്രസ്തുത പദ്ധതി പ്രകാരം വ്യക്തികൾക്കോ സ്വാശ്രയ സംഘടനകൾക്കോ പാർട്ണർഷിപ്പുകൾക്കോ ആനുകൂല്യം ലഭിക്കും. ഫാക്ടറി യൂണിറ്റ്, യന്ത്ര സാമഗ്രികൾ, സാങ്കേതിക വിദ്യ, പാക്കേജിങ് സംവിധാനങ്ങൾ തുടങ്ങിയ എല്ലാ ഘടകങ്ങൾക്കും ആനുകൂല്യം നൽകുന്നു. ഒരു സംരംഭത്തിന് പരമാവധി 50 ലക്ഷം രൂപവരെ സബ്സിഡിയായി നൽകുന്നു. സബ്സിഡി തുക നൽകുന്നത് മൂലധന നിക്ഷേപത്തിന് അനുസൃതമായാണ്. സബ്സിഡിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡ |
|---|---|---|---|
| 1 | സൂക്ഷ്മ തല | 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ | 50% പരമാവധി |

| | | | |
|---|---|---|---|
| | സംരംഭം | വരെയുള്ള സംരംഭം | 10ലക്ഷം രൂപ |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെയുള്ള സംരംഭം | 40% പരമാവധി 25ലക്ഷം രൂപ |
| 3 | ഇടത്തരം സംരംഭം | 1 കോടി രൂപ മുതൽ 5 കോടി രൂപ വരെ | 30% പരമാവധി 50ലക്ഷം രൂപ |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കാർഷിക ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം അഥവാ SFAC, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK), ഹോർട്ടികോർപ്പ്, കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) തുടങ്ങിയ സ്ഥാപനങ്ങൾ കാർഷിക വിളകളുടെ സംസ്കരണം, മൂല്യവർദ്ധനവ് തുടങ്ങിയ പ്രവർത്തനങ്ങളിൽ നേരിട്ടും അല്ലാതെയും ഏർപ്പെട്ടിരിക്കുന്നു. റബ്ബറിന്റെ മൂല്യവർദ്ധനവിനായി കേരള റബ്ബർ ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉല്പന്നങ്ങളുടെ കയറ്റുമതിയിലൂടെ എത്ര രൂപയുടെ വരുമാനമാണ് ലഭിക്കുന്നത്; വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | കാർഷികോല്പന്നങ്ങളുടെ കയറ്റുമതിയിലൂടെ ലഭിക്കുന്ന വരുമാനം കൃഷി വകുപ്പ് വിലയിരുത്തിയിട്ടില്ല. സ്റ്റേറ്റ് നോഡൽ ഏജൻസി എന്ന നിലയിൽ പഴം-പച്ചക്കറി കയറ്റുമതിയ്ക്കായി VFPCK വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>നാളിതുവരെ 23 ലക്ഷം രൂപയുടെ 43 മെട്രിക് ടൺ പഴം-പച്ചക്കറികൾ വി.എഫ്.പി.സി.കെ മുഖേന വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് നോഡൽ ഏജൻസി എന്ന നിലയിൽ പഴം-പച്ചക്കറി കയറ്റുമതിയ്ക്കായി വി.എഫ്.പി.സി.കെ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:<br><br>കാർഷിക കയറ്റുമതി നയത്തിന്റെ സ്ഥാപന സംവിധാനത്തിന്റെ ഭാഗമായി അപേഡയിൽ നിന്നും ലഭിച്ച നിർദ്ദേശം അനുസരിച്ച് തൃശ്ശൂർ, വയനാട്, തിരുവനന്തപുരം ജില്ലകളിൽ ബനാന ക്ലസ്റ്ററുകൾ രൂപീകരിക്കുകയും കർഷകരെ കയറ്റുമതി അധിഷ്ഠിത വാഴകൃഷിയ്ക്കുവേണ്ട ഉൽപാദനമുറകൾ അനുവർത്തിക്കുന്നതിന് പ്രാപ്തരാക്കുകയും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പോരായ്മകളും വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.<br><br>കയറ്റുമതിയുമായി ബന്ധപ്പെട്ട് 240 കർഷകർക്കും 270 ഉദ്യോഗസ്ഥർക്കും കയറ്റുമതി സംബന്ധിച്ച പരിശീലനങ്ങളും 60 കർഷകരെ ഉൾപ്പെടുത്തി പഠനയാത്രകളും സംഘടിപ്പിച്ചു. ഇതുകൂടാതെ, കൃഷി വകുപ്പിലേയും വി.എഫ്.പി.സി.കെ യിലേയും ഉദ്യോഗസ്ഥർക്ക് കയറ്റുമതി സംബന്ധമായ വിദഗ്ദ്ധ പരിശീലനം |

| | | | |
|---|---|---|---|
| | | | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറേഷൻ മാനേജ്മെൻറ് ബാംഗ്ലൂരിൽ നടത്തുകയുണ്ടായി.<br><br>കയറ്റുമതിയ്ക്കാവശ്യമായ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ മുൻകൈ എടുത്ത് കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന ലാബിനെ അപേഡയുടെ കീഴിൽ നോട്ടിഫൈ ചെയ്തു.<br><br>നേന്ത്രവാഴയുടെ കയറ്റുമതി അധിഷ്ഠിത ഉൽപാദന മുറകൾ നടപ്പിലാക്കി 50 ഹെക്ടറിൽ ട്രേസബിലിറ്റിയോടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകരുടെ 50 ഹെക്ടർ സ്ഥലത്ത് കയറ്റുമതി അധിഷ്ഠിത പ്രോട്ടോകോൾ പ്രകാരമുള്ള ഉൽപാദനോപാധികൾ നൽകുകയും അത് 85 ഹെക്ടറിൽ വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.<br><br>ആഗോളവിപണിയിൽ ഏറെ സ്വീകാര്യതയുള്ള എം.ഡി 2 ഇനം പൈനാപ്പിളിന്റെ ഉൽപാദനം കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പൈനാപ്പിൾ റിസേർച്ച് സ്റ്റേഷനുമായി സഹകരിച്ച് ടിഷ്യൂകൾച്ചർ തൈകൾ ഉൽപാദിപ്പിക്കുകയും അവ കോട്ടയം എറണാകുളം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് നൽകുകയും അവയുടെ കൃഷി പുരോഗമിച്ചു വരുകയും ചെയ്യുന്നു. കേരളത്തിൽ വ്യാപകമായി കൃഷിചെയ്യുന്ന വാഴക്കുലം പൈനാപ്പിളിന്റെ ആഗോള സാധ്യത ഉപയോഗപ്പെടുത്തുന്നതിനായി കടൽമാർഗ്ഗം മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേയ്ക്കുള്ള പ്രോട്ടോകോൾ വികസനവും കേരള കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് നടത്തിവരുന്നു.<br><br>കൂടാതെ, 2022-23 സാമ്പത്തിക വർഷം തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ എക്സ്പോർട്ടേഴ്സ് മീറ്റ് സംഘടിപ്പിച്ചു. കോഴിക്കോട് ജില്ലയിൽ എക്സ്പോർട്ടേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി കയറ്റുമതി വ്യാപാരികളും കർഷകരും തമ്മിൽ കയറ്റുമതി സംബന്ധിച്ച് ഒരു ബോധവൽക്കരണത്തിനും അതുവഴി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള കയറ്റുമതി സാധ്യമാകുന്നതിനും വേദിയൊരുങ്ങി. |

സെക്ഷൻ ഓഫീസർ